**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 256** **22-07-2021 - ൽ മറുപടിയ്ക്ക്**

**അമിത പലിശക്കാരെ നേരിടാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | അമിത പലിശ ഈടാക്കുന്ന പണമിടപാട് സ്ഥാപനങ്ങളെ നേരിടാൻ സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളെകുറിച്ച് വിശദമാക്കുമോ; | (എ) | സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ അമിതപലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" എന്ന പേരിൽ ഗ്രാമീണ ലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഉദ്ദേശ്യ ലക്ഷ്യങ്ങൾ 1. ബ്ലേഡ് പലിശക്കാരുടെയും, സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പിനികളുടെയും സാമ്പത്തിക ചൂഷണത്തിൽ നിന്ന് സാധാരണക്കാരും പാവപ്പെട്ടവരുമായ ജനസമൂഹത്തെ മോചിപ്പിക്കുക. 2. സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക. 3. ജനങ്ങളെ കൂടുതലായി സാമ്പത്തിക ഉൾചേർക്കലിലേക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക. വായ്പ രീതിയും സാമ്പത്തിക വശവും പദ്ധതി പ്രകാരം 1000/- രൂപ മുതൽ 50,000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. നിലവിൽ കൊള്ള പലിശക്കാരിൽ നിന്നും എടുത്ത വായ്പ ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിനും വായ്പ നൽകാവുന്നതാണ്. വായ്പക്കാരിൽ നിന്നും 12 ശതമാനം പലിശ (100 രൂപക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക് / വായ്പ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളാണ് (1 വർഷം) വായ്പ തിരിച്ചടക്കേണ്ടത്. അതായത് 1000/- രൂപ വായ്പ എടുത്ത ഒരാൾ 1 |

| | | | |
|---|---|---|---|
| | | | വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1,120/- രൂപ തിരിച്ചടക്കണം. 10 ആഴ്ചകളിൽ തിരിച്ചടവ് പൂർത്തിയാകുന്ന വായ്പകളും നൽകാവുന്നതാണ്. വായ്പയുടെ തിരിച്ചടവ് ഉറപ്പ വരുത്തൽ വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റുകൾ ഉറപ്പ വരുത്തേണ്ടതാണ്. ഏതെങ്കിലും വായ്പക്കാരൻ തിരിച്ചടവ് 3 മാസത്തിലധികം മുടക്കുന്ന പക്ഷം വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായി മാറ്റി അവരിൽ നിന്നും വായ്പ തുക വസൂലാക്കുന്നതിന് സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. കുടിശ്ശിക വായ്പയുടെ 20 ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ അതിന് ഉത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി തുടർ വർഷങ്ങളിൽ പുതുക്കി നൽകില്ല. |
| (ബി) | പ്രസ്തുത പദ്ധതികൾ പൊതുജനങ്ങളിൽ എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | പദ്ധതിയുടെ സുഗമവും, സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംഘം തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം സെക്രട്ടറി കൺവീനറും ജില്ലാ തലത്തിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) കൺവീനറും സംസ്ഥാന തലത്തിൽ സഹകരണ വകുപ്പ് മന്ത്രി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു. ഓരോ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റിയിൽ കുടുംബശ്രീ പ്രതിനിധികൾ, പ്രാഥമിക/ ജില്ല/ സംസ്ഥാന സഹകരണ ബാങ്ക് ഭരണ സമിതി പ്രതിനിധികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ വകുപ്പ് ഉദ്യോഗസ്ഥർ എന്നിങ്ങനെ 7 അംഗങ്ങൾ ഉണ്ടായിരിക്കും. മോണിറ്ററിംഗ് കമ്മിറ്റി ഓരോ 3 മാസത്തിലും ഏറ്റവും ചുരുങ്ങിയത് ഒരു യോഗമെങ്കിലും കൂടണം. വിവിധ തലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതലയും മോണിറ്ററിംഗ് കമ്മിറ്റിക്കാണ്. |

സെക്ഷൻ ഓഫീസർ